"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വടക്കൻ പറവൂർ നഗരസഭ സ്റ്റേഡിയം ഗ്രൗണ്ട് എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക രീതിയിൽ നവീകരിക്കുന്നതിനായി ഗ്രൗണ്ടിൽ നിലവിലുള്ള ഗ്യാലറി പൊളിച്ചുനീക്കുന്നതിന് വടക്കൻ പറവൂർ നഗരസഭയ്ക്ക് അനുതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.2607/2021/LSGD    തീയതി,തിരുവനന്തപുരം, 20/12/2021

---

പരാമർശം:-

1. വടക്കൻ പറവൂർ നഗരസഭാ കൗൺസിലിന്റെ 13.12.2019-ലെ തീരുമാനം നമ്പർ 10
2. വടക്കൻ പറവൂർ നഗരസഭ സെക്രട്ടറിയുടെ 06.03.2020-ലെ PW1-16049/19നമ്പർ കത്ത്
3. നഗരകാര്യ ഡയറക്ടറുടെ 02.07.2020-ലെ G2/5745/2020നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വടക്കൻ പറവൂർ നഗരസഭ സ്റ്റേഡിയം ഗ്രൗണ്ട് എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക രീതിയിൽ നവീകരിക്കുന്നതിനായി പണം അനുവദിക്കുവാൻ വരുന്നതായും പദ്ധതിയായി ഗ്രൗണ്ടിന്റെ മുഴുവൻ ഭാഗവും ഉപയോഗപ്പെടുത്തേണ്ടതിനാൽ നഗരസഭ സ്റ്റേഡിയത്തിൽ നേരത്തെ നിർമിച്ചിട്ടുള്ള ഗ്യാലറിയും (പടിഞ്ഞാറ് വശത്ത് മറ്റ് നിർമ്മാണങ്ങളും പൊളിച്ചു നീക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുമായി വടക്കൻ പറവൂർ എം.എൽ.എ. നഗരസഭയ്ക്ക് കത്ത് നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ സ്റ്റേഡിയം നവീകരണത്തിനായി ആവശ്യമുള്ള ഭാഗം സർക്കാർ അനുമതിയോടുകൂടി പൊളിച്ചു നീക്കുവാൻ വടക്കൻ പറവൂർ നഗരസഭാ കൗൺസിൽ പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

2 സ്റ്റേഡിയം നവീകരണത്തിനായി തയാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരം സ്റ്റേഡിയത്തിന്റെ പൂർണ്ണമായ ഉപയോഗത്തിനും കാണികളുടെ സൗകര്യം പരിഗണിച്ചും നിലവിലുള്ള ഗ്യാലറി പൊളിച്ചു നീക്കേണ്ടതുണ്ടെന്നും എന്നാൽ പ്രസ്തുത നിർമ്മാണം കോൺക്രീറ്റ് സെക്ചർ ആയതിനാലും നിർമാണം പൂർത്തീകരിച്ച് 13 വർഷത്തിൽ താഴെ മാത്രമാകയാലും ആയതു പൊളിച്ചുനീക്കുന്നതിനു സർക്കാർ അനുമതി ആവശ്യമാണെന്ന് നഗരസഭാ എൻജിനീയറിങ് വിഭാഗം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അനുമതി ലഭ്യമാക്കുന്നതിനുള്ള വടക്കൻ പറവൂർ നാഗസഭാ സെക്രട്ടറിയുടെ പരാമർശം (2) പ്രകാരമുള്ള അപേക്ഷ നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സ്റ്റേഡിയം നവീകരണത്തിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരം സ്റ്റേഡിയത്തിന്റെ പൂർണമായ ഉപയോഗത്തിനായും കാണികളുടെ സൗകര്യം പരിഗണിച്ചും നിലവിലുള്ള ഗ്യാലറി പൊളിച്ചു നീക്കേണ്ടതായിട്ടുള്ള ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ

പൊതുജന താല്പര്യം മുൻനിർത്തി വടക്കൻ പറവൂർ നഗരസഭ സ്റ്റേഡിയം ഗ്രൗണ്ട് എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക രീതിയിൽ നവീകരിക്കുന്നതിനായി ഗ്രൗണ്ടിൽ നിലവിലുള്ള ഗ്യാലറി, നിലവിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ചുകൊണ്ട് പൊളിച്ചു നീക്കുന്നതിന് വടക്കൻ പറവൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Biju Prabhakar
Secretary

ചെയർപേഴ്സൺ സെക്രട്ടറി, വടക്കൻ പറവൂർ നഗരസഭ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSAE& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ.പി.ആർ.ഡി. വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

Harikumar

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്